"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ശാന്തിഭവൻ, കോട്ടയം - സി.ഇ.72.എ.4 എൻഡോവ്മെന്റിന്റെ 2022-2023 സാമ്പത്തിക വർഷ കാലയളവിലെ പലിശ തുക അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.218/2023/SJD തീയതി,തിരുവനന്തപുരം, 27-10-2023

---

പരാമർശം:-

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.09.2023, 25.09.2023 എന്നീ തീയതികളിലെ കെ.എസ്.എ/88/സി.ഇ2/2023(1) നമ്പർ കത്തുകൾ.
2. തിരുവനന്തപുരം ജില്ലയിൽ പഴവങ്ങാടിയിൽ പ്രവർത്തിക്കുന്ന വഞ്ചി പുവർ ഫണ്ട് എന്ന സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ 27/07/2023-ലെ വി.പി.എഫ് നമ്പർ കത്ത്.
3. കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ശാന്തിഭവൻ എന്ന സ്ഥാപനത്തിന്റെ ജോയിന്റ് ട്രഷററുടെ 01.09.2023-ലെ ഒ.സി.20/23 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ശാന്തിഭവൻ എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും തിരുവനന്തപുരം ജില്ലയിൽ പഴവങ്ങാടിയിൽ പ്രവർത്തിക്കുന്ന വഞ്ചി പുവർ ഫണ്ട് എന്ന സ്ഥാപനത്തിൽ നിക്ഷേപിച്ചിട്ടുള്ളതുമായ സി.ഇ.72.എ.4 നമ്പർ ചാരിറ്റബിൾ എൻഡോവ്മെന്റ് ഫണ്ടിന്റെ 2022-2023 സാമ്പത്തിക വർഷത്തെ പലിശ ഇനത്തിൽ ശാന്തിഭവന് അർഹമായ 12,135/- രൂപ പ്രസ്തുത സ്ഥാപനത്തിന് അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് പ്രസ്തുത സ്ഥാപന ജോയിന്റ് ട്രഷറർ പരാമർശം 3-പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. മേൽപറഞ്ഞ ചാരിറ്റബിൾ എൻഡോവ്മെന്റ് ഫണ്ടിൽ നിന്ന് മൊത്തം 12,135/- പലിശ ഇനത്തിൽ 2022-2023 സാമ്പത്തിക വർഷം ശാന്തിഭവന് അർഹതയുണ്ടെന്ന് പരാമർശം 1-പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പലിശ തുക ശാന്തിഭവന് റിലീസ് ചെയ്ത് അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് വഞ്ചി പുവർ ഫണ്ട് അധികൃതർ പരാമർശം 2-പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ശാന്തിഭവൻ എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും തിരുവനന്തപുരം ജില്ലയിൽ പഴവങ്ങാടിയിൽ പ്രവർത്തിക്കുന്ന വഞ്ചി പുവർ ഫണ്ട് എന്ന സ്ഥാപനത്തിൽ നിക്ഷേപിച്ചിട്ടുള്ളതുമായ സി.ഇ.72.എ.4 നമ്പർ ചാരിറ്റബിൾ എൻഡോവ്മെന്റ് ഫണ്ടിന്റെ 2022-2023 സാമ്പത്തിക വർഷത്തെ പലിശ ഇനത്തിൽ ശാന്തിഭവന് അർഹമായ 12,135/-രൂപ (പന്ത്രണ്ടായിരത്തി ഒരുനൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) ശാന്തിഭവൻ, കോട്ടയം എന്ന സ്ഥാപനത്തിന് റിലീസ് ചെയ്ത് നൽകുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ & ട്രഷറർ ഓഫ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ്, കേരള
സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
ജോയിന്റ് ട്രഷറർ, ശാന്തിഭവൻ, കളക്ടറേറ്റ് പി. ഒ, കോട്ടയം- 686002
സെക്രട്ടറി, വഞ്ചി പുവർ ഫണ്ട്, പഴവങ്ങാടി, തിരുവനന്തപുരം- 695023
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ ജി & എസ്.എസ്.എ/
ഓഡിറ്റ്), കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് 19.10.2023-ലെ
ഡബ്ല്യു.ഡബ്ല്യു.2/100/2017/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
Date: 27-10-2023 17:17:29
സെക്ഷൻ ഓഫീസർ